2. ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്നവരുടെ അപേക്ഷയോടൊപ്പം മാമ്മോദീസ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണം എന്നത് ഒഴിവാക്കിയിട്ടുണ്ട്.

3. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ ജനനത്തീയതി തിരുത്തുവാനുള്ള അപേക്ഷകൾ പരീക്ഷാ ഭവനിലെ ജോയിന്റ് കമ്മീഷണർക്കാണ് സമർപ്പിക്കേണ്ടത്. എൽ.പി. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ജനനത്തീയതി തിരുത്തുന്നതിനുള്ള അധികാരം അതാത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ഹൈസ്കൂൾ വിദ്യാർത്ഥികളുടെ അപേക്ഷകൾ അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുമാണ് തീർപ്പുകൽപ്പിക്കേണ്ടത് എന്ന് തീരുമാനിച്ചിട്ടുണ്ട്.

ലഘൂകരിച്ച നടപടിക്രമം അനുസരിച്ചുള്ള കമ്പ്യൂട്ടർ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

തളിപ്പറമ്പ് ആസ്ഥാനമായി വിദ്യാഭ്യാസ ജില്ലാ രൂപീകരണം

28(718) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് ആസ്ഥാനമായി വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) കണ്ണൂർ ജില്ലാ പഞ്ചായത്ത് സർക്കാരിനോട് ഇതിനായി തീരുമാനമെടുത്ത് അഭ്യർത്ഥിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ഡി) സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

വിവിധ ഭാഷാ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

30(718) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഭാഷാപഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ അനുവർത്തിച്ചുവരുന്ന നയമെന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly